"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യൂണിഫോംഡ് തസ്തികകളുടെ കായിക ക്ഷമതാ പ്രായോഗിക പരീക്ഷയ്ക്ക് വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഗ്രൗണ്ടുകൾ സൗജന്യമായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ.(സാധാ) നം.525/2025/GAD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-
1. 11.01.2019 - ലെ സ.ഉ. (സാധാ) നം. 166/2019/പൊഭവ നമ്പർ ഉത്തരവ്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 05.11.2024 - ലെ UFR 2-1/3/2023-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യൂണിഫോംഡ് തസ്തികകളുടെ കായിക ക്ഷമതാ പ്രായോഗിക പരീക്ഷയ്ക്ക് വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഗ്രൗണ്ടുകൾ സൗജന്യമായി അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സമീപകാലത്തായി ടി പരീക്ഷാ നടത്തിപ്പിന് ഗ്രൗണ്ടുകൾ വിട്ടു നൽകുന്നതിന് വിവിധ വകുപ്പുകൾ വിമുഖത പ്രകടിപ്പിക്കുന്നുണ്ടെന്നും, അതൊടൊപ്പം പരാമർശ ഉത്തരവിനോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള ഗ്രൗണ്ടുകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യൂണിഫോംഡ് തസ്തികകളുടെ കായികക്ഷമതാ പ്രായോഗിക പരീക്ഷയ്ക്ക് വിവിധ വകുപ്പുകളുടെ അധീനതിയിലുള്ള ഗ്രൗണ്ടുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ സൂചിപ്പിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. കോളേജുകളിലെ വെള്ളം, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ചാൽ ആയതിന്റെ ചെലവ് കേരള പബ്ലിക് സർവീസ് കമ്മീഷൻ വഹിക്കേണ്ടതാണെന്നും, ഇത്തരത്തിൽ മൈതാനം ഉപയോഗിക്കുന്നത് മൂലം മൈതാനത്തിന് യാതൊരു വിധ നാശനഷ്ടങ്ങളുമുണ്ടാക്കാൻ പാടില്ലാത്തതാണെന്നും, മൈതാനത്തിന് നാശനഷ്ടമുണ്ടാക്കുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള ചെലവ് കേരള പബ്ലിക് സർവീസ് കമ്മീഷൻ

വഹിക്കേണ്ടതാണെന്നും, കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസം വരാത്ത രീതിയിലായിരിക്കണം മൈതാനത്തിന്റെ ഉപയോഗമെന്നുമുള്ള വ്യവസ്ഥകളോടു കൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള ഗ്രൗണ്ടുകൾ സൗജന്യമായി അനുവദിക്കേണ്ടതാണ്.

2. ആഭ്യന്തരം, കായിക - യുവജനകാര്യം, റവന്യൂ, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി യൂണിഫോംഡ് തസ്തികകളുടെ പ്രായോഗിക പരീക്ഷയ്ക്ക് ഗ്രൗണ്ടുകൾ സൗജന്യമായി വിട്ടുനൽകേണ്ടതാണെന്നുള്ള നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
ഡയറക്ടർ, കായിക യുവജന ക്ഷേമ വകുപ്പ് തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (യു) വകുപ്പ്
കായിക യുവജന കാര്യ (എ) വകുപ്പ്
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
ആഭ്യന്തര (ഇ) വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്
വെബ് &ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 04-02-2025 15:42:27
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പി.എസ് - ന്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ - യ്ക്ക്